**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2015-16 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**3830/**2015/തസ്വഭവ തീയതി, തിരുവനന്തപുരം **21.12.2015.**

പരാമർശം :- (1) 25.11.2015-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.5 നമ്പർ തീരുമാനം.

(2) 16.12.2015-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.2 നമ്പർ തീരുമാനം.

(3) സ.ഉ(സാധാ)നം.3820/15/തസ്വഭവ തീയതി 21.12.2015.

**ഉത്തരവ്**

പരാമർശം (2) - ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം 2015-16 വാർഷിക പദ്ധതിയിൽ ഏറ്റെടുത്തതും എന്നാൽ പ്രായോഗികമായി നടപ്പിലാക്കാൻ പ്രയാസമുള്ളതുമായ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ പഞ്ചായത്ത് ആയിരുന്ന കാലയളവിൽ നടത്തിയിരുന്ന വിവിധ പദ്ധതികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അതേപടി തുടരേണ്ടതും പുതിയ മുനിസിപ്പാലിറ്റികളായി മാറുകയോ നഗരസഭകളിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്ത പ്രദേശങ്ങളിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റെടുത്ത പ്രോജക്ടുകൾ അതേപടി നടപ്പു സാമ്പത്തിക വർഷാവസാനം വരെ തുടരാവുന്നതാണ്. എന്നാൽ നടപ്പാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ള പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥനും വെറ്റിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ മാത്രം ഭേദഗതി ചെയ്ത പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. അപ്രകാരം ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകൾക്ക് പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ക്രമീകരിച്ചിട്ടുള്ള അഡ്ഹോക്ക് ഡി.പി.സി.യുടെ അംഗീകാരം നേടേണ്ടതാണ്.
2. ടെണ്ടർ സേവിംഗ്സ് വരുന്ന സാഹചര്യത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് അഡ്ഹോക്ക് ഡി.പി.സി.യുടെ അംഗീകാരം നേടേണ്ടതാണ്.
3. ജൈവ പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള കാർഷിക വികസന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.
4. പദ്ധതി ഭേദഗതി ചെയ്യുന്നതിന് 2016 ജനുവരി 15 വരെ സമയം അനുവദിച്ച് നൽകുന്നു. സുലേഖ സോഫ്റ്റ് വെയറിൽ ഇതിന് വേണ്ട ക്രമീകരണം ഐ.കെ.എം. നടത്തേണ്ടതാണ്.
5. പ്രോജക്ടുകളുടെ ഭേദഗതികൾക്ക് പരാമർശം (3) പ്രകാരം രൂപീകരിച്ച അഡ്ഹോക്ക് ഡി.പി.സി.യുടെ അംഗീകാരം മതിയാകും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എസ്.ശോഭന

ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.